'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഐ.എ 4340/2022 (ഒ.പി(എം.വി) 1424/2019) നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവച്ചത് - ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ്

സ.ഉ (സാധാ) നം.4627/2026/ധന തീയതി,തിരുവനന്തപുരം, 26/05/2026

പരാമർശം :-

1. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി(എം.വി) 1424/2019 നമ്പർ വ്യവഹാരത്തിന്മേലുള്ള 12.10.2022-ലെ വിധി.
2. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഐ.എ 4340/2022 (ഒ.പി(എം.വി) 1424/2019) നമ്പർ വ്യവഹാരത്തിന്മേലുള്ള 21.02.2025-ലെ വിധി.
3. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഇ.പി നമ്പർ 59/2025 (ഒ.പി(എം.വി) 1424/2019) നമ്പർ വ്യവഹാരത്തിന്റെ നോട്ടീസ്, പെറ്റീഷൻ.
4. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 13.04.2026, 02.05.2026 തീയതികളിലെ കെ.എസ്.ഐ.ഡി/സൂട്ട്/എസ്4/1424/2019 നമ്പർ കത്തുകൾ.
5. 20/04/2026 തീയതിയിലെ സ.ഉ (സാധാ) നം.3852/2026/ധന ഉത്തരവ്.
6. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 02.05.2026 തീയതിയിലെ കെ.എസ്.ഐ.ഡി/സൂട്ട്/എസ്4/1424/2019 നമ്പർ കത്ത്.

## ഉത്തരവ്

ബഹുമാനപ്പെട്ട മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി(എം.വി) 1424/2019 നമ്പർ കേസിൽ, ഹർജിക്കാരനായ ശ്രീ.അജികുമാർ.കെ.സി ഫയൽ ചെയ്ത ഐ.എ 4340/2022 റിവ്യൂ ഹർജിയിന്മേലുള്ള പരാമർശം (2) പ്രകാരമുള്ള നഷ്ടപരിഹാര തുകയായ 41,81,500/- രൂപയുടെ 20% തുകയായ 8,36,300/-(എട്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി മുന്നൂറ് രൂപ മാത്രം) കെട്ടിവെയ്ക്കുവാൻ സൂചന (5) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ബഹു. അഡീഷണൽ എം.എ.സി.റ്റി മാവേലിക്കര മുമ്പാകെയുള്ള ഒ.പി(എം.വി) 1424/19 നമ്പർ വ്യവഹാരത്തിന്മേൽ ഫയൽ ചെയ്ത EP 59/2025-ലെ ഉത്തരവ് പ്രകാരം decretal amount-ന്റെ 20%, 41,81,500/- രൂപയുടെ 20% ആയ 8,36,300/- രൂപയും ടി തുകയ്ക്ക് 10.10.2019 തീയതി മുതൽ 30.04.2026 വരെയുള്ള കാലയളവിൽ 8% പലിശയും ചേർന്ന തുകയായ 11,36,360/- രൂപയിൽ നിന്ന് TDS കിഴിച്ച് ബാക്കി 10,76,348/- രൂപ വിധി പ്രകാരം മാവേലിക്കര എം.എ.സി.റ്റി കോടതിയുടെ അക്കൗണ്ടിൽ കെട്ടിവച്ചിട്ടുണ്ടെന്നും, സൂചന (5) ഉത്തരവിൽ decretal amount ആയി 8,36,300/- രൂപ നൽകുന്നതിനാണ് ഉത്തരവായിരുന്നതെന്നും എന്നാൽ decretal amount എന്നത് പ്രിൻസിപ്പൽ തുകയും അതിന്റെ പലിശയും ചേർന്ന തുകയാണ് എന്ന് ഗവൺമെന്റ് പ്ലീഡർ അറിയിച്ചപ്പോഴാണ് വ്യക്തമായതെന്നും, ആയതിനാൽ പ്രസ്തുത 8,36,300/- രൂപ എന്നതിന് പകരം 11,36,360/- രൂപയുടെ TDS കിഴിച്ച് 10,76,348/- രൂപ നൽകിയതിനെ സാധൂകരിച്ച് നൽകണമെന്നും ഇൻഷ്വറൻസ് ഡയറക്ടർ സൂചന (6) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു.അഡീഷണൽ എം.എ.സി.റ്റി മാവേലിക്കര മുമ്പാകെയുള്ള ഒ.പി(എം.വി) 1424/19 നമ്പർ വ്യവഹാരത്തിന്മേൽ ഫയൽ ചെയ്ത EP 59/2025-ലെ ഉത്തരവ് പ്രകാരം 41,81,500/- രൂപയുടെ 20 ശതമാനമായ 8,36,300/- രൂപയും,(decretal amount-ന്റെ 20%), ടി തുകയ്ക്ക് 10.10.2019 തീയതി മുതൽ 30.04.2026 വരെയുള്ള കാലയളവിൽ 8% പലിശയും ചേർന്ന തുകയായ 11,36,360/- രൂപയിൽ നിന്ന് TDS കിഴിച്ച് ബാക്കി 10,76,348/- രൂപ വിധി പ്രകാരം മാവേലിക്കര എം.എ.സി.റ്റി കോടതിയുടെ അക്കൗണ്ടിൽ കെട്ടിവച്ച ഇൻഷ്വറൻസ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഫയൽ നം ഇ: 3481845/എസ്റ്റാ-ഡി3/19/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ